# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ - പത്തനംതിട്ട ജില്ല

**(ദക്ഷിണ മേഖലകാർഷിക ഗവേഷണകേന്ദ്രം വെള്ളായണിയും, ഭാരതീയ കാലാവസ്ഥവകുപ്പും സംയുക്തമായി നൽകുന്നത്)**

**നമ്പർ:PTA-AAS-20/2025, (40)** **തീയ്യതി: 20.05.2025**

## അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥ പ്രവചനം

| കാലാവസ്ഥ ഘടകങ്ങൾ | 21/05/2025 | 22/05/2025 | 23/05/2025 | 24/05/2025 | 25/05/2025 |
|---|---|---|---|---|---|
| മഴ (മില്ലി. മീറ്റർ) | 20 | 4 | 2 | 20 | 10 |
| ഉയർന്നതാപനില(° C) | 29 | 29 | 29 | 29 | 29 |
| കുറഞ്ഞതാപനില(° C) | 23 | 23 | 23 | 23 | 23 |
| കൂടിയഅന്തരീക്ഷആർദ്രത (%) | 96 | 96 | 96 | 96 | 96 |
| കുറഞ്ഞഅന്തരീക്ഷആർദ്രത(%) | 86 | 86 | 86 | 86 | 86 |
| കാറ്റിന്റെവേഗത (കിലോമീറ്റർ /മണിക്കൂർ) | 5 | 3 | 3 | 3 | 4 |
| കാറ്റിന്റെദിശ (ഡിഗ്രി) | 320 | 290 | 270 | 270 | 290 |
| മേഘവ്യാപ്തി(ഒക്ട) | 8 | 7 | 8 | 8 | 8 |

| | |
|---|---|
| കാലാവസ്ഥസംഗ്രഹം/അലേർട്ട് | **ജില്ലയിൽ ഒറ്റപ്പെട്ടസ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക് സാധ്യതയുണ്ട്. കേരളത്തിൽ സാധാരണയിലും സാധാരണയിൽ കൂടുതൽ തോതിലുമുള്ള മഴയ്ക്ക് സാധ്യത.** |
| പൊതു നിർദ്ദേശങ്ങൾ | **നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക, വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക. കാലവർഷാരംഭത്തിനു മുൻപേ കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. മണ്ണിന്റെ ഈർപ്പം നിലനിർത്താൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.** |

## കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| **കുരുമുളക്** | ദ്രുതവാട്ടം | കുരുമുളകിലെ ദ്രുതവാട്ടരോഗത്തെ പ്രതിരോധിക്കാനായി രണ്ടുകിലോ ട്രൈക്കോഡർമ, 90 കിലോചാണകപ്പൊടിയും,10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടികലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്കവണ്ണം രണ്ടാഴ്ചത്തേക്ക് വെക്കുക. അതിനുശേഷം ഈ മിശ്രിതത്തിൽനിന്ന് 2.5 കിലോവീതം ഓരോ വലിയ കുരുമുളക്ചെടിക്ക്ചുവട്ടിലും ഇട്ടുകൊടുക്കുക. |
| **പച്ചക്കറികൾ (വെള്ളരി വർഗ്ഗങ്ങൾ)** | മൃദുരോമപൂപ്പ് | വെള്ളരിവർഗ്ഗ പച്ചക്കറികളിൽ മൃദുരോമപൂപ്പ് എന്ന കുമിൾരോഗംകാണാനിടയുണ്ട്. പ്രതിവിധിയായി 2.5ഗ്രാം മാങ്കോസെബ് 1ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഇലയുടെ അടിയിൽ പതിയത്തക്കവിധത്തിൽ കലക്കിതളിക്കുക.മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക. |
| **വാഴ** | ഇലപ്പുള്ളി രോഗം | വാഴയിൽ ഇലപ്പുള്ളിരോഗത്തിനു സാധ്യതയുണ്ട്. മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തില് ചേർത്ത് കുളിർക്കെ തളിക്കുക. രണ്ട് ആഴ്ചക്കു ശേഷവും രോഗത്തിനു കുറവില്ലെങ്കിൽ 2 മി.ലി ഹെക്സാകൊണാസോൾ 1 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 1മി.ലി പ്രോപ്പികൊണാസോൾ 1 ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കുക. |

| | |
|---|---|
| **മൃഗസംരക്ഷ ണം** | തൊഴുത്തിലോ, പരിസരത്തോ എലി ശല്ല്യം ഇല്ലാതിരിക്കുവാൻ ശ്രദ്ധിക്കുക. എലിയിൽ നിന്നും പകരുന്ന എലിപ്പനി അഥവാ ലെപ്റ്റോസ്പിറോസിസ് എന്ന രോഗം ഉരുക്കൾക്കും കർഷകർക്കും ഒരുപോലെ മാരകമാണ്. |